# പതിനാലാം കേരള നിയമസഭ

## രണ്ടാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത
ചോദ്യം നമ്പർ: 110.

26.09.2016 - ൽ
മറുപടിയ്ക്ക്

### പോലീസ് സേനാംഗങ്ങളായ ഡ്രൈവർമാരുടെ സേവനം

| ചോദ്യം | മറുപടി |
|---|---|
| ഡോ.എം. കെ. മുനീർ | ശ്രീ. പിണറായി വിജയൻ (മുഖ്യമന്ത്രി) |
| (എ) ഉന്നത പോലീസ് ഉദ്യോഗസ്ഥരുടെ ഔദ്യോഗിക വാഹനം ഓടിക്കാൻ നിയോഗിക്കപ്പെടുന്ന പോലീസ് സേനാംഗങ്ങൾക്ക് തുടർച്ചയായി എത്ര വർഷമാണ് അതേ വാഹനം തന്നെ ഓടിക്കാൻ അനുമതി നൽകാറുള്ളത്; | (എ) പ്രത്യേക കാലാവധി നിശ്ചയിച്ചിട്ടില്ല. |
| (ബി) അവരെ മാറ്റി നിയോഗിക്കുന്നതിന്റെ മാനദണ്ഡം വ്യക്തമാക്കുമോ; | (ബി) ഡ്രൈവർമാരുടെ കഴിവും മികവും പരിഗണിച്ചാണ് മാറ്റി നിയമിക്കുന്നത്. കൂടാതെ, ഡ്രൈവർമാരുടെ സ്ഥലംമാറ്റത്തിനുള്ള അപേക്ഷയും മുൻഗണനാ ക്രമവും പരിഗണിച്ചും സ്ഥലംമാറ്റി നിയോഗിക്കാറുണ്ട്. |
| (സി) പോലീസ് സേനാംഗങ്ങളല്ലാത്തവരെ ഔദ്യോഗിക വാഹനം ഓടിക്കുന്നതിന് നിയോഗിക്കാറുണ്ടോ; ഉണ്ടെങ്കിൽ ഏത് നിയമ വ്യവസ്ഥയുടെ അടിസ്ഥാനത്തിലാണ് അവരെ നിയമിക്കുന്നതെന്ന് വ്യക്തമാക്കുമോ ; | (സി) ഇല്ല |
| (ഡി) പോലീസ് സേനാംഗങ്ങളായ ഡ്രൈവർമാരെ നിശ്ചിത കാലപരിധി നിശ്ചയിച്ച് എല്ലാ വിഭാഗത്തിലെയും വാഹനങ്ങൾ ഓടിക്കാൻ സൗകര്യം ലഭിക്കത്തക്ക രീതിയിൽ സ്ഥലംമാറ്റം നൽകണമെന്ന് നിർദ്ദേശിക്കുമോ ? | (ഡി) ഇക്കാര്യത്തിൽ പുതിയ നിർദ്ദേശം നൽകുന്ന കാര്യം ഇപ്പോൾ പരിഗണനയിലില്ല. |

Rajani M

സെക്ഷൻ ഓഫീസർ